# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2302** — **20.06.2012-ൽ മറുപടിക്ക്**

## എല്ലാ പഞ്ചായത്തുകളിലും സർക്കാർ ഹോമിയോ-ആയുർവ്വേദ ആശുപത്രികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.സത്യൻ : | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) നിലവിൽ സർക്കാർ ഹോമിയോ ആശുപത്രിയോ ആയുർവ്വേദ ആശുപത്രിയോ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ കെട്ടിടം ലഭ്യമാക്കിയാൽ സർക്കാർ വഴിയോ, എൻ.ആർ.എച്ച്.എം വഴിയോ പ്രസ്തുത ആശുപത്രികൾ തുടങ്ങാൻ പദ്ധതി നിലവിലുണ്ടോ ; വിശദമാക്കുമോ ; | (എ) നിലവിൽ സർക്കാർ ഹോമിയോ ആശുപത്രിയോ ആയുർവ്വേദ ആശുപത്രിയോ ഇല്ലാത്ത ഗ്രാമ പഞ്ചായത്തുകളിൽ താൽക്കാലിക ഗ്രാമ പഞ്ചായത്ത് ഡിസ്പെൻസറികൾ തുടങ്ങാനുള്ള കെട്ടിടവും മറ്റ് സൗകര്യങ്ങളും ഗ്രാമപഞ്ചായത്ത് ഒരുക്കുകയാണെങ്കിൽ അതാത് വിഭാഗങ്ങളിലുള്ള ഡയറക്ടർമാർ ഇതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കിയശേഷം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. ഇത്തരം ഡിസ്പെൻസറിയിൽ മെഡിക്കൽ ഓഫീസർമാരെ നിയമിക്കുകയും ശമ്പളം നൽകുകയും മാത്രമാണ് എൻ.ആർ.എച്ച്.എം ചെയ്യുന്നത്. ഒരു വർഷം എത്ര ഡോക്ടർമാരെ നിയമിക്കാമെന്നുള്ള അനുവാദവും ഫണ്ടും നൽകുന്നത് കേന്ദ്ര സർക്കാരാണ്. |
| (ബി) ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിൽ സർക്കാർ ഹോമിയോ ആശുപത്രിയും ആയുർവ്വേദ ആശുപത്രിയും ഇല്ലാത്ത പഞ്ചായത്തുകളേതൊക്കെയാണ് ; ഈ പഞ്ചായത്തുകളിൽ ഹോമിയോ ആശുപത്രിയും ആയുർവ്വേദ ആശുപത്രിയും തുടങ്ങുവാനുള്ള നടപടികൾ സ്വീകരിക്കുമോ ? | (ബി) ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിൽ സർക്കാർ ഹോമിയോ ആശുപത്രികൾ, ഡിസ്പെൻസറികൾ എന്നിവ ഇല്ലാത്ത പഞ്ചായത്തുകൾ ചുവടെ ചേർക്കുന്നു.<br>1. ചെറുന്നിയൂർ, 2. കരവാരം, 3. മണമ്പൂർ, 4.ഒറ്റൂർ, 5. പഴയകുന്നുമേൽ<br>ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിൽ സർക്കാർ ആയുർവേദ സ്ഥാപനങ്ങൾ ഇല്ലാത്തത് ചെറുന്നിയൂർ പഞ്ചായത്തിലാണ്.<br>ടി മണ്ഡലത്തിൽ സർക്കാർ ഹോമിയോ-ആയുർവേദ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ തുടങ്ങുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ